## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 4724

18/12/2014 ൽ
മറുപടിയ്ക്ക്

## ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ആർ. സെൽവരാജ് | ശ്രീ. പി. കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസവകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി ആരംഭിച്ചത് സംസ്ഥാന സർക്കാരിന്, പ്രത്യേകിച്ച് വകുപ്പ് മന്ത്രിയ്ക്ക്, ഏറെ അഭിമാനിക്കാവുന്നതാണോ; ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയുടെ ആസ്ഥാനം ഇപ്പോൾ എവിടെയാണ് പ്രവർത്തിക്കുന്നത്; | (എ) ആണ്. തിരുവനന്തപുരം ഗവൺമെന്റ് എഞ്ചിനിയറിംഗ് കോളേജ് കാമ്പസിലെ എം. ബി. എ ബിൽഡിംഗിലാണ് ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി താൽകാലികമായി പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്. |
| (ബി) പ്രസ്തുത സ്ഥാപനത്തിന്റെ വി.സി., പി.വി.സി., രജിസ്ട്രാർ ഇൻ ചാർജ്, കൺട്രോളർ ഓഫ് എക്സാംസ് എന്നിവരെ നിയമിച്ചിട്ടുണ്ടോ; ഇവരിൽ ആരെല്ലാം ചുമതലയെടുത്തിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ ? | (ബി) വി.സി., പി.വി.സി., രജിസ്ട്രാർ ഇൻ ചാർജ് എന്നിവരെ നിയമിച്ചിട്ടുണ്ട്. വി. സി യായി ഡോ. കുഞ്ചേറിയ പി. ഐസക്; പി. വി. സി യായി ഡോ. അബ്ദുൾ റഹ് മാൻ എന്നിവർ 2014 സെപ്റ്റംബർ 1 നും, രജിസ്ട്രാർ ഇൻ-ചാർജായി ആയി ഡോ. ജി. പി. പത്മകുമാർ 2014 നവംബർ 20 നും ചുമതലയേറ്റെടുത്തിട്ടുണ്ട്. |
| (സി) ഈ സ്ഥാപനം സ്ഥാപിക്കുന്നതിനു ഭൂമി കണ്ടെത്തിയിട്ടുണ്ടോ; എത്ര ഏക്കർ ഭൂമിയാണ് വിഭാവനം ചെയ്യുന്നത്? | (സി) ഇല്ല. 100 ഏക്കർ ഭൂമിയാണ് വിഭാവനം ചെയ്യുന്നത്. |

| | |
|---|---|
| (ഡി) പ്രസ്തുത സർവ്വകലാശാല സ്ഥാപിക്കുന്നതിന് സീനിയർ ഡെപ്യൂട്ടി കലക്ടറുടെ ഫുൾ ടൈം സേവനം ലഭ്യമാക്കുന്നതിനു റവന്യൂ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; ഇല്ലായെങ്കിൽ ഭൂമി ഏറ്റെടുക്കുന്നതിനു സീനിയർ ഡെപ്യൂട്ടി കലക്ടറുടെ സേവനം ലഭ്യമാക്കുന്നതിനു നടപടി സ്വീകരിക്കുമോ ? | (ഡി) സർവ്വകലാശാല സ്ഥാപിക്കുന്നതിന് സീനിയർ ഡെപ്യൂട്ടി കലക്ടറുടെ സേവനം ലഭ്യമാക്കുന്നതിനു റവന്യൂ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ